# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 826 14.01.2021 ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ**

| | ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്ന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ശിക്ഷ ഉറപ്പാക്കുവാൻ കഴിയുന്നത് നാമമാത്ര കേസുകളിൽ മാത്രമാണെന്നത് വസ്തുതയല്ലേ; | എ) | ഇത്തരം കേസുകളിൽ കുറ്റസ്ഥാപന നിരക്ക് കുറവാണ്. |
| ബി) | 2016 മേയ്ക്ക് ശേഷം ഈ നിയമപ്രകാരം എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തത്; അതിൽ എത്ര കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടു; | ബി) | 2016 മേയ്ക്ക് ശേഷം 6041 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 3087 കേസുകളിന്മേൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും 35 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമാണ്. രജിസ്റ്റർ ചെയ്ത കേസുകളിൽ ഭൂരിഭാഗം കേസുകളും ബഹു.കോടതികളുടെ പരിഗണനയിലാണ്. |
| സി) | അന്വേഷണത്തിലെ അനാസ്ഥയും, തെളിവുകൾ കണ്ടെത്തുന്നതിലെ അലംഭാവവുമാണ് ഇത്തരം കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതിനുള്ള കാരണമെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ; | സി) | ഇല്ല |
| ഡി) | എങ്കിൽ ഇത്തരം കേസുകളുടെ അന്വേഷണങ്ങളിൽ കലാനുസൃത മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | പോലീസ് വകുപ്പിൽ ADGP, Sri.Shaik Darvesh Saheb IPS ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി എസ്.സി/എസ്.റ്റി കേസുകളുടെ കൺവിക്ഷൻ റേറ്റ് ഉയർത്തുന്നതിനെക്കുറിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ